


## " ദരിദ്രർ ഭാഗ്യവാന്മാർ; എന്തെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാണ് "

ലൂക്കാ 16:19 – 31; 2 കൊറി. 12:14 – 21; ലേവ്യ 23:33 – 44 (Vol. 10, Issue 10)

ബ്ര. സിബിൻ ചിലമ്പട്ടശ്ശേരി MCBS

"ദരിദ്രരേ, നിങ്ങൾ ഭാഗ്യവാന്മാർ; എന്തെന്നാൽ സ്വർഗ്ഗരാജ്യം നിങ്ങളുടേതാണ്." സമ്പത്തും, അധികാരവും, സ്ഥാനമാനങ്ങളും കൈയ്യിലുള്ളവരുടെ ശബ്ദവും ആശയങ്ങളും ഉയർന്നുകേൾക്കുന്ന, ദരിദ്രന്റെ നിലവിളികൾ പലപ്പോഴും കേൾക്കപ്പെടാതെ പോകുന്ന ഈ ആധുനിക ലോകത്തിൽ, ധനികന്റെയും ലാസറിന്റെയും ഉപമയുമായിട്ടാണ് വചനത്തിലൂടെ ഈശോ ഇന്ന് നമ്മുടെ പക്കലേയ്ക്ക് വരിക. പഴകുന്തോറും വീര്യം കൂടുന്ന മുന്തിരി വീഞ്ഞിനെപ്പോലെ, ഇന്നും യാതൊരു വീര്യവും കുറയാതെ, നമ്മൾ ഒരുപാട് വായിക്കുകയും ധ്യാനിക്കുകയും ചെയ്യുന്ന ഒരു ഉപമയാണിത്. പാവങ്ങളുടെ സുവിശേഷം എന്നറിയപ്പെടുന്ന ലൂക്കാ സുവിശേഷത്തിൽ മാത്രം കാണുന്ന ഈ ഉപമയിൽ, സുവിശേഷകൻ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നത് പാവപ്പെട്ടവരോടും സമൂഹത്തിലെ ദുർബല വിഭാഗങ്ങളോടും പ്രത്യേക കരുതലും കാരുണ്യവും കാണിച്ച ഈശോയെയാണ്.

ഒരു അതിധനികനും ഒരു പരമദരിദ്രനും - വൈരുദ്ധ്യത്തിന്റെ പൂർണ്ണത. തന്റെ കാൽച്ചുവട്ടിൽ അല്ലെങ്കിൽ, പടിവാതിൽക്കൽ കിടക്കുന്ന ആ ദരിദ്രനെ ഒന്നു നോക്കുവാൻ പോലും തയ്യാറല്ലാത്ത പണക്കാരൻ. ദരിദ്രന് ഒരു പേരുണ്ട്, ലാസർ - ദൈവം സഹായിക്കുന്നു എന്നർത്ഥം. ധനികന് പേരുള്ളതായി സുവിശേഷത്തിൽ പറയുന്നില്ല. ദൈവതിരുമുമ്പിൽ അയാൾക്ക് ഒരു സ്ഥാനവുമില്ല എന്നാണ് അതിന് അർത്ഥം. പണമുണ്ടാക്കുന്നത് ഒരു പാപമാണെന്ന് ഈശോ പറയുന്നില്ല. എന്നാൽ, പണമുണ്ടായിട്ടും പാവപ്പെട്ടവനെ സഹായിക്കാത്തത് പാപമാണെന്ന് ഈ ഉപമയിൽ നിന്ന് നമുക്ക് വ്യക്തമാകുന്നു.

കഥാപാത്രങ്ങൾ രണ്ടുപേരും മരിക്കുന്നു. തീർച്ചയായും ധനികനും ദരിദ്രനും മരിക്കണം. മാറ്റമില്ലാത്ത ദൈവനീതിയാണത്. മരണത്തിന്റെ മുമ്പിൽ എല്ലാവരും സമന്മാരാണ്. ദരിദ്രനെക്കുറിച്ച് ഈശോ പറയുന്നത്, അയാൾ അബ്രഹാമിന്റെ മടിയിൽ എത്തിച്ചേർന്നു എന്നാണ്. അതായത്, അയാൾ ഇപ്പോൾ സമ്പൂർണ്ണ സുരക്ഷിതത്വത്തിലാണ്. പേര് സൂചിപ്പിച്ചതുപോലെ ദൈവം അയാളെ സഹായിച്ചിരിക്കുന്നു. എന്നാൽ, ധനികൻ നരകത്തിലാണ് പതിച്ചത്. ഭൂമിയിലെ ദാരിദ്ര്യത്തേക്കാൾ ഭീകരമാണ് നരകത്തിലെ നിസ്സഹായാവസ്ഥ. ആ നരകത്തിൽ നിന്ന് രക്ഷ നേടാനുള്ള ആഗ്രഹം അയാൾക്കുണ്ട്.

പ്രാചീന യഹൂദലോകത്ത് പ്രബലമായ വിശ്വാസമായിരുന്നു സമ്പത്തും, ഭൗതീകസമൃദ്ധിയും, സന്താനസൗഭാഗ്യവും, ദീർഘായുസ്സും ഒരു വ്യക്തിയുടെ നീതിനിഷ്ഠയുടെയും തത്ഫലമായ ദൈവാനുഗ്രഹത്തിന്റെയും ലക്ഷണമാണ് എന്നത്. അക്കാലത്ത് ദരിദ്രനും, രോഗിയും, വന്ധ്യയുമൊക്കെ ദൈവശാപമേറ്റവരായി കരുതി അവഗണിക്കപ്പെട്ടിരുന്നു. "റബ്ബീ, ഇവൻ അന്ധനായി ജനിച്ചത് ആരുടെ പാപം നിമിത്ത മാണ്" എന്ന ശിഷ്യരുടെ ചോദ്യത്തിലും "മനുഷ്യരുടെ ഇടയിൽ എനിക്കുണ്ടായിരുന്ന അപമാനം നീക്കി കളഞ്ഞിരിക്കുന്നു" എന്ന എലിസബത്തിന്റെ

ഉദ്ഘോഷണത്തിലും തെളിയുന്നത് ഈ മനോഭാവമാണ്. യഹൂദരുടെ ഇത്തരത്തിലുള്ള മനോഭാവങ്ങളുടെ തിരുത്തിയെഴുത്താണ് ഈശോ ഇന്ന് ഈ ഉപമയിലൂടെ നടത്തുക. ഒന്നാമതായി, പാവപ്പെട്ടവനും ദരിദ്രനും ദൈവസന്നിധിയിൽ സ്ഥാനമുണ്ടെന്നും പാവപ്പെട്ടവന്റെ കഷ്ടപ്പാടും, ദാരിദ്ര്യവും ദൈവം അറിയുന്നുവെന്നും ഈശോ വ്യക്തമാക്കുന്നു. രണ്ടാമതായി, ദൈവത്തിൽ നിന്ന് മനുഷ്യനെ അകറ്റുന്നതെന്തും അത് സമ്പത്തോ, അധികാരമോ, സ്ഥാനമാനങ്ങളോ എന്തു തന്നെയായാലും അത് അവന്റെ നിത്യനാശത്തിന് കാരണമാകുമെന്നും ഈശോ ഓർമ്മിപ്പിക്കുന്നു. നീതിപൂർവ്വകമായി സമ്പാദിക്കുന്ന ധനമാണെങ്കിൽ കൂടി അത് ബോധപൂർവ്വം പരസ്നേഹചൈതന്യത്തോടെ ഉപയോഗിച്ചില്ലെങ്കിൽ നാശമാണ് നമ്മെ കാത്തിരിക്കുന്നത്. ഉപമയിലെ ധനികനെപ്പോലെ ഒരുപക്ഷേ, പാവപ്പെട്ട ലാസറുമായി ഒരിക്കലെങ്കിലും ഭക്ഷണമേശയോ, സൗഹൃദമോ പങ്കിട്ടിരുന്നെങ്കിൽ ധനികന് ഈ അവസ്ഥ വരുമായിരുന്നില്ല.

ധനികന്റെ പടിവാതിൽക്കൽ ലാസർ കിടന്നിരുന്നു എന്നാണ് വചനത്തിൽ നാം കാണുക. പടിവാതിൽ – നമുക്കറിയാം വീടിന്റെ പ്രധാന വാതിലാണ്. വീട്ടുകാർ പുറത്തു പോകുന്നതും യാത്ര കഴിഞ്ഞ് തിരികെ വരുന്നതും ഈ പടിവാതിലിലൂടെയാണ്. അതായത്, എപ്പോഴും ആൾസഞ്ചാരമുള്ള വാതിൽ അല്ലെങ്കിൽ ഇടം. ഈ വാതിൽപ്പടിയിൽ കിടന്നവനെ ബോധപൂർവ്വം അവഗണിക്കുക വഴി ധനവാൻ ക്രിസ്തീയ ധാർമ്മികതയ്ക്ക് കളങ്കം വരുത്തുന്നു. പടിവാതിൽ അടയ്ക്കുന്നതോടെ സഹോദരന്റെ നിലവിളിയും സന്തോഷവും നമുക്ക് അന്യമാവും. അപ്പോൾ അവന്റെ നൊമ്പരങ്ങളും സങ്കടങ്ങളും നമ്മുടേതാക്കാൻ നമുക്ക് സാധിക്കാതെ വരും. നമ്മുടെ പടിവാതിലിൽ കിടക്കുന്ന ലാസർമാർ നമുക്ക് സ്വർഗ്ഗരാജ്യം കരസ്ഥമാക്കാൻ ദൈവം മുൻകൂട്ടി അയച്ചിരിക്കുന്ന വ്യക്തികളായി നാം തിരിച്ചറിയണം.

ഇത് മനസ്സിലാക്കാതെ നാം പെരുമാറുമ്പോൾ അത് ഉപേക്ഷയുടെ കുറ്റമായിട്ട് മാറുന്നു. അപരന്റെ ജീവനാവശ്യമായത്, ജീവിക്കാനാവശ്യമായ സാഹചര്യങ്ങൾ എനിക്കുണ്ടായിട്ട് ഞാൻ അത് കൊടുക്കാത്തത് തെറ്റാകുന്നു. സുഭാഷിതങ്ങളുടെ പുസ്തകം 3–ാം അധ്യായം 27,28 വാക്യങ്ങൾ ഇപ്രകാരം ഓർമ്മിപ്പിക്കുന്നു: ''നിനക്ക് ചെയ്യാൻ കഴിവുള്ള നന്മ, അത് ലഭിക്കാൻ അവകാശമുള്ളവർക്ക് നിഷേധിക്കരുത്. അയൽക്കാരൻ ചോദിക്കുന്ന വസ്തു നിന്റെ കയ്യിലുണ്ടായിരിക്കെ, പോയി വീണ്ടും വരിക; നാളെ തരാം എന്നു നീ പറയരുത്.'' അയൽപക്കത്ത് പട്ടിണി കിടക്കുന്നവരെ കാണാതെ വിരുന്നാഘോഷിക്കുന്നവരുടെ എണ്ണവും വിരുന്നുകളുടെ ആർഭാടവും വർദ്ധിച്ചുവരുമ്പോൾ യേശു പറഞ്ഞ ഉപമയ്ക്ക് പ്രസക്തി ഏറിയിട്ടേയുള്ളൂ എന്ന് നമുക്ക് കാണാം. എന്റെ ഉപേക്ഷ കൊണ്ട് ഒരിറ്റു സ്നേഹം, പരിഗണന, പ്രോത്സാഹനം, അംഗീകാരം, ആദരവ് ലഭിക്കാതെ സഹോദരൻ വിഷമം അനുഭവിച്ചാൽ ഓർക്കുക, ഞാനും ധനികനും തമ്മിൽ പ്രതിഫലത്തിന്റെ കാര്യത്തിൽ അന്തരമുണ്ടാകില്ല. ഈ ലോകത്തിൽ പലരും ദാരിദ്ര്യം അനുഭവിക്കുന്നത് ആവശ്യമായ വസ്തുക്കൾ ഇല്ലാത്തതു കൊണ്ടല്ല. മറിച്ച്, പങ്കുവയ്ക്കലിന്റെ അഭാവം കൊണ്ടാണ്. വി. അംബ്രോസ് ഇപ്രകാരം പറയുന്നു: ''നിന്റെ സമ്പത്ത് സൂക്ഷിക്കുവാൻ പറ്റിയ സങ്കേതങ്ങൾ വിശക്കുന്നവന്റെ വയറും വിധവയുടെ മടിത്തട്ടുമാണ്.''

ഇന്നത്തെ ആദ്യവായനയിൽ ലേവ്യരുടെ പുസ്കത്തിൽ യഹൂദരുടെ കൂടാരത്തിരുനാളിനെ കുറിച്ചാണ് നമ്മൾ വായിച്ചുകേട്ടത്. നമുക്കിവിടെ സ്ഥിരമായ വാസസ്ഥലം ഇല്ലെന്നും ഭൂമിയിൽ നാം തീർത്ഥാടകർ മാത്രമാണെന്നുമാണ് ഈ തിരുനാൾ കർമ്മങ്ങൾ അവരെ അനുസ്മരിപ്പിച്ചിരുന്നത്. ലേഖനത്തിൽ പൗലോസ് ശ്ലീഹായും നമ്മെ ഉദ്ബോധിപ്പിക്കുന്നത്, എളിമപ്പെടേണ്ടതിന്റെയും സ്നേഹിക്കുന്നതിന്റെയും ആവശ്യകതയെക്കുറിച്ചാണ്. അതിനാൽ ലോകത്തിലെ ഒരു ധനികനും തന്റെ സമ്പത്ത് പൂർണ്ണമായി ആസ്വദിക്കാനാവില്ല. പക്ഷേ, അപരനു കൊടുക്കാതെ പിടിച്ചുവയ്ക്കാനും നശിപ്പിക്കാനും സാധിക്കും. ഉപേക്ഷയുടെ പാപം ഗൗരവതരമാകുന്നത് അപരന്റെ സാധ്യതകളെ നാം അവഗണിക്കുന്നതു കൊണ്ടാണ്.

അതിനാൽ നമുക്ക് തിരിച്ചറിയാം, നമ്മളാരും ഈ ഭൂമിയിലുള്ള ഒന്നിന്റെയും ഉടയവരല്ല. മറിച്ച്, വെറും സൂക്ഷിപ്പുകാരും കാര്യസ്ഥന്മാരും മാത്രമാണ്. അതിനാൽ നമുക്കുള്ളതെല്ലാം മറ്റുള്ളവരുമായി പങ്കുവയ്ക്കാം. അത് ഒരുപക്ഷേ, നമ്മുടെ സമ്പത്താകാം, സൗകര്യങ്ങളാകാം, സമയമാകാം. ഇതെല്ലാം ആവശ്യമുള്ളവർ എപ്പോഴും ഒരു വിളിപ്പാടകലെ ഉണ്ട് എന്ന യാഥാർത്ഥ്യം നാം മറക്കരുത്. വിശുദ്ധ കുർബാന പങ്കുവയ്ക്കലിന്റെ ആഘോഷമാണ്. തനിക്കുള്ളതെല്ലാം എന്തിന്, സ്വജീവൻ പോലും നമ്മോടുള്ള സ്നേഹത്തെപ്രതി ബലികഴിച്ച ഈശോ വിശുദ്ധ കുർബാനയിലൂടെ നമ്മെ ക്ഷണിക്കുന്നത് ഈ പങ്കുവയ്ക്കലിന്റെ മനോഭാവത്തിലേയ്ക്കാണ്. അതിനാൽ, ഈശോയെ മാതൃകയാക്കി നമുക്കും പങ്കുവയ്ക്കലിന്റെ നല്ല മാതൃകകളായി മാറാം. അധികമൊന്നും പങ്കുവയ്ക്കാനില്ലെങ്കിലും നമുക്ക് ആരെയും ഒഴിവാക്കാതെ എല്ലാവരെയും പരിഗണിക്കാനായി ശ്രദ്ധിക്കാം. അതിനുള്ള കൃപാവരം ഈശോ നൽകട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.